# MALANKARA CATHOLIC CHURCH

## ARCHDIOCESE OF TIRUVALLA

**Most Rev. Dr. Thomas Mar Koorilos**
**Metropolitan Archbishop of Tiruvalla**

Catholic Archbishops' House, Marygiri,
P. B. No. 4, Tiruvalla – 689 101.

Circular No.7/2015

26/10/2015

**അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോർഎപ്പിസ്ക്കോപ്പമാരേ, ബഹു. വൈദികരേ, സിസ്റ്റേഴ്സ്, പ്രിയ സഹോദരങ്ങളേ,**

1. മലബാർ സ്വതന്ത്രസുറിയാനി സഭയുടെ (തൊഴിയൂർ) പരമാദ്ധ്യക്ഷനായിരിക്കവേ 1977–ൽ മലങ്കര കത്തോലിക്ക സഭൈക്യത്തിലേക്ക് വന്ന് നമുക്ക് പ്രിയങ്കരനായിത്തീർന്ന ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലിത്തയുടെ 17–ാം ഓർമ്മപ്പെരുനാൾ നവംബർ മാസം 2, 3 തീയതികളിൽ നാം ആഘോഷിക്കുകയാണ്. തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തിഡ്രൽ ദൈവാലയത്തിൽ നവംബർ 2 തിങ്കളാഴ്ച വൈകിട്ട് 6 മണിക്ക് സന്ധ്യാനമസ്കാരവും 3–ാം തീയതി രാവിലെ 7 മണിക്ക് വി. കുർബ്ബാനയും കബറിങ്കൽ ധൂപപ്രർത്ഥനയും നേർച്ചവിളമ്പും നടത്തപ്പെടുകയാണ്. ഓർമ്മപ്പെരുനാളിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കാൻ ഏവരെയും ക്ഷണിക്കുന്നു.

2. വൈദികരുടെ തുടർപരിശീലനത്തിനുള്ള കൂടിവരവ് നവംബർ 17,18 (ചൊവ്വ, ബുധൻ) തീയതികളിൽ ശാന്തിനിലയത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

3. തിരുമൂലപുരത്ത് പണികഴിപ്പിച്ച് കൂദാശചെയ്യപ്പെട്ട "ബത് ആബോ ദ് മലങ്കര"യിൽ (മലങ്കരയുടെ പിതൃഭവനം) എല്ലാ മാസവും 15–ാം തീയതി വൈകിട്ട് 5 മണിക്ക് വി. കുർബ്ബാനയും എല്ലാ ശനിയാഴ്ചയും വൈകിട്ട് 6 മണിക്ക് സന്ധ്യാപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്നവരെല്ലാം ഇതിൽ വന്ന് സംബന്ധിച്ചനുഗ്രഹം പ്രാപിക്കണം.

4. സണ്ടേസ്കൂൾ കലോത്സവ വിജയികൾക്ക് അനുമോദനം നേരുന്നു. നവംബർ 8 ന് നടക്കുന്ന അർദ്ധ വാർഷിക പരീക്ഷയിൽ എല്ലാവരും നന്നായി പഠിച്ച് ഒരുങ്ങി എഴുതുക. യേശുനാഥനെപ്പറ്റിയുള്ള അറിവ് രക്ഷയുടെ ഏറ്റവും വലിയ കാരണമാണ്.

5. അടുത്ത പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് ഡിസംബർ 12 ശനിയാഴ്ച നടത്തപ്പെടുന്നതാണ്. ബന്ധപ്പെട്ടവർ ഇതറിയിപ്പായി കണക്കാക്കണം.

6. നമ്മുടെ അതിരൂപതാംഗവും കേരള സഭയിലെ അല്മായ നേതാക്കളിൽ പ്രമുഖനുമായ പ്രൊഫ. ജേക്കബ് എം. എബ്രഹാം ആഗോളസഭയിലെ സാധാരണ സുന്നഹദോസിൽ സംബന്ധിച്ചതും അദ്ദേഹത്തിന്റെ പ്രസംഗവും മറ്റും പത്രമാധ്യമങ്ങളിലൂടെ നാം അറിയുകയും ചെയ്തുവല്ലോ. ബഹു. സാറിനു ലഭിച്ച വലിയ ഒരംഗികാരവും തിരുവല്ല അതിരൂപതയിലെ മുഴുവൻ അല്മായ സഹോദരങ്ങൾക്കും ഉണ്ടായ വലിയ ഒരു ഭാഗ്യവുമായി നാം ഇതിനെ കണക്കാക്കുന്നു. പത്രോസ്ശ്ലീഹായുടെ പരമാധികാരത്തെപ്പറ്റിയുള്ള പഠനവും തിരിച്ചറിവും ചെങ്ങരൂർ ഓർത്തഡോക്സ് ഇടവകയിലെ വികാരിയായിരുന്ന വന്ദ്യ മുണ്ടപ്ലാക്കൽ അച്ചന് കത്തോലിക്ക സഭയിലേക്കു പുനരൈക്യപ്പെടുവാനുള്ള നിമിത്തമായിരുന്നു. ആ വന്ദ്യ പിതാവിന്റെ കൊച്ചുമകൻ പത്രോസിന്റെ പിൻഗാമി വിളിച്ചു ചേർത്ത മെത്രാന്മാരുടെ സുന്നഹദോസിൽ സംബന്ധിച്ചു എന്നത് അനുഗ്രഹീതമായ ദൈവനിയോഗവും, ദൈവികമായ പദ്ധതിയുടെ മഹത്വവുമാണ്. സഭയുടെ മുഴുവൻ സന്തോഷവും അറിയിക്കുന്നതോടൊപ്പം ഇതിനു അവസരം ഒരുക്കിയ സഭയുടെ തലവനും പിതാവും അല്മായരുടെ പ്രിയങ്കരനുമായ നമ്മുടെ കർദ്ദിനാൾ ബസേലിയോസ് ക്ലീമ്മിസ് കാതോലിക്കബാവയോടുള്ള നമ്മുടെ നിസ്സീമമായ നന്ദിയും സമർപ്പിക്കുന്നു. K.C.F (Kerala Catholic Federation) ന്റെ മലങ്കരയിൽ നിന്നുള്ള Vice- President ആയി തെരഞ്ഞെടു ക്കപ്പെട്ടിരിക്കുന്ന അഡ്വ. ലാലു ജോൺ, 2014–ലെ അദ്ധ്യാപകർക്കുള്ള നാഷണൽ അവാർഡ് നേടിയ ഡോ. വർഗീസ് പീറ്റർ സാർ എന്നിവർക്ക് അതിരൂപതയുടെ അഭിനന്ദനവും അറിയിക്കുന്നു.

7. അതിരൂപതയ്ക്കുവേണ്ടി മലങ്കര മേജർ സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുന്ന കല്ലുപുരയ്ക്കൽ തോമസ് (തലവടി നോർത്ത്), പടിപുരയ്ക്കൽ ജോൺ (പഴയരിക്കണ്ടം), തറയിലേത്ത് ഫിലിപ്പ് (കാഞ്ഞിറ്റുകര), തോട്ടപുരയ്ക്കൽ ദാനിയേൽ (മുരിക്കടി) എന്നീ ശെമ്മാശന്മാർ ഡിസംബർ 28 -ാം തീയതി വൈദീകപട്ടം സ്വീകരിക്കുന്നതും, 29,30 തീയതികളിൽ മാതൃ ഇടവകകളിൽ പ്രഥമ ദിവ്യബലി അർപ്പിക്കുന്നതുമാണ്. ഇവരെ നമുക്കു പ്രാർത്ഥനയിൽ ഓർക്കാം.
ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിങ്ങൾക്ക് എല്ലാ നന്മകളും നേർന്നുകൊണ്ട്,

ക്രിസ്തുയേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, തിരുവല്ല അതിഭദ്രാസനം.

---

NB: അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും മിഷ്യൻ കേന്ദ്രങ്ങളിലും വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.